കോടതി വിധികളോ പലിക്കപ്പെടാത്തതായി വല്ല ആക്ഷേപവും ഈ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൻെറ പേരിൽ എന്തു നടപടികളാണു സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഐ. ആർ. ഡി. പി. വായ്പ വിതരണത്തിലെ ക്രമക്കേടുകളെപ്പറ്റിയുള്ള അന്വേഷണം

* 345. [404] ശ്രീ. സി. വാസുദേവമേനോൻ :
,, വി. വി. ജോസഫ് :
,, കോട്ടക്കുഴി സുകുമാരൻ :
,, വി. സുരേന്ദ്രൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. ആർ. ഡി. പി. വായ്പ വിതരണത്തിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കാൻ വിജിലൻസ് ഗ്രൂപ്പുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഈ സംവിധാനത്തിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) വിതരണം ചെയ്തിട്ടുള്ള ഐ. ആർ. ഡി. പി. വായ്പകൾ ശരിയായി വിനിയോഗിച്ചിട്ടുണ്ടോ എന്നു പരിശോധിച്ചിട്ടുണ്ടോ ?

സാമൂഹ്യവികസനവകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ, ബി) 18-8-1984-ൽ ജി. ഒ. ആർ. ററി 820/84/ഡിഡി എന്ന ഉത്തരവനുസരിച്ച് ജില്ലാകളക്ടറുടെ നിയന്ത്രണത്തിൽ ഒരു വിജിലൻസ് സെൽ ജില്ലകളിൽ രൂപീകരിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ലാകളക്ടർക്ക് ഉത്തമവിശ്വാസമുള്ള മൂന്ന് ഉദ്യോഗസ്ഥൻമാരായിരിക്കും ഈ സെല്ലിലുള്ളത്. വികസനവകുപ്പു വഴി നടത്തുന്ന പ്രവർത്തനങ്ങളും മറ്റും പരിശോധിക്കാൻ ഈ സെല്ലിനു ചുമതലയുണ്ട്.

(സി) ഉണ്ട്.

ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന ജലവിതരണ പദ്ധതികൾ

* 346. [405] ശ്രീ. എം. വി. രാഘവൻ :
,, പി. സി. തോമസ് (കടുത്തുരുത്തി) :
,, ടി. കെ. അറുമുഖൻ :
,, സി. ടി. കൃഷ്ണൻ ;
,, കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ ആൻറ് വെസ്ററ് വാട്ടർ അതോറിററി ലോകബാങ്കിൻെറ സഹായത്തോടുകൂടി ഏതെല്ലാം ജലവിതരണ പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം—I

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * (405) കാണുക.

സ്കീമിന്റെ പേര്	എസ്റ്റിമേറ്റ് തുക കോടിയിൽ	പ്രയോജനപ്പെടുന്ന പഞ്ചായത്തുകൾ
1. പുത്തൻകുരിശിനും അതിന്റെ സമീപത്തുമുള്ള പഞ്ചായത്തുകളിലേയ്ക്കുള്ള വാട്ടർ സപ്ലൈസ്കീം	3.820	1. ഐക്കരനാട് 2. പൂത്തിക 3. വടവുകോട്-പുത്തൻകുരിശ് 4. തിരുവാണിയൂർ
2. അടൂരിനും അതിന്റെ സമീപത്തുമുള്ള പഞ്ചായത്തുകളിലേയ്ക്കുള്ള വാട്ടർസപ്ലൈസ്കീം	7.570	1. അടൂർ 2. ഏഴക്കുളം 3. പട്ടാഴി (വെസ്റ്റ്) 4. പട്ടാഴി (സൗത്ത്) 5. ഏറത്ത് 6. പള്ളിക്കൽ
3. ചിതറ പഞ്ചായത്തിനും അതിന്റെ സമീപത്തുമുള്ള പഞ്ചായത്തുകളിലേയ്ക്കുള്ള വാട്ടർ സപ്ലൈ സ്കീം	5.784	1. ചിതറ 2. കടയ്ക്കൽ 3. നിലമേൽ 4. പടയമംഗലം
4. വിളപ്പിൽ പഞ്ചായത്തിന് വേണ്ടിയുള്ള വാട്ടർ സപ്ലൈ സ്കീം	1.321	1. വിളപ്പിൽ
5. ജി. സി. ഡി. എ. യിലുള്ള 12 പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള വാട്ടർ സപ്ലൈ സ്കീം	31.007	1 കീഴ്മാട് 2. വാഴക്കുളം 3. ചൂർണ്ണിക്കര 4. ഇടത്തല 5. കീഴ്മ്പലം 6. കുന്നത്തുനാട് 7. കളമശ്ശേരി 8. തൃക്കാക്കര 9. മരട് 10. കുമ്പളങ്ങി 11. കുമ്പളങ്ങി 12 ചെല്ലാനം
6. കോട്ടയത്തുള്ള 4 പഞ്ചായത്തുകളിലുള്ള വാട്ടർ സപ്ലൈ സ്കീം	8.739	1. വിജയപുരം 2. പനച്ചിക്കാട് 3 നാട്ടകം 4. കുമാരനല്ലൂർ

LIBRARY ARCHIVES Kerala Legislative Assembly

7.	കൊല്ലം മുനിസിപ്പാലിറ്റിക്കും സമീപപ്രദേശത്തുള്ള 6 പഞ്ചായത്തുകളിലേയ്ക്കുള്ള വാട്ടർ സപ്ലൈ സ്കീം	20.061	1. നീണ്ടകര 2. ശക്തികുളങ്ങര 3. ഇരവിപുരം 4. കിളികൊല്ലൂർ 5. വടക്കേവിള 6. തൃക്കടവൂർ മുനിസിപ്പാലിറ്റികകം
8.	പത്ത് മുനിസിപ്പാലിറ്റി ടൗണുകൾക്ക് വേണ്ടിയുള്ള കുറഞ്ഞ ചെലവിലുള്ള കക്കൂസ് നിർമ്മാണ പദ്ധതി	5.126	1. ആറ്റിങ്ങൽ 2. വടകര 3. കാസർകോട് 4. മാവേലിക്കര 5. മൂവാറ്റുപുഴ 6. പാലാ 7. പൊന്നാനി 8. പുനലൂർ 9. ഷൊർണ്ണൂർ 10. തൃശ്ശൂർ
9.	ഗ്രാമപ്രദേശങ്ങളിലേയ്ക്കുള്ള ചെലവ് കുറഞ്ഞ കക്കൂസ് നിർമ്മാണ പദ്ധതി	5.00	

LIBRARY ARCHIVES Kerala Legislative Assembly